ജില്ല	സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികളുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	2578
കൊല്ലം	1492
പത്തനംതിട്ട	733
ആലപ്പുഴ	1236
കോട്ടയം	977
ഇടുക്കി	1383
എറണാകുളം	377
തൃശ്ശൂർ	1204
പാലക്കാട്	826
മലപ്പുറം	1570
വയനാട്	378
കോഴിക്കോട്	1448
കണ്ണൂർ	792
കാസർഗോഡ്	320

(സി) അംഗൻവാടികളിലെ പ്രീ പ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമവും ഗുണനിലവാരം ഉള്ളതുമാക്കുന്നതിന് 'മഴവില്ല്' എന്ന പേരിൽ പുതിയ പാഠ്യ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

ജനനീ സുരക്ഷാ യോജന പദ്ധതി

70 (6228) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ജനനീ സുരക്ഷാ യോജന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിൽ പദ്ധതി പ്രകാരം ലഭ്യമാക്കിയ സഹായങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സമൂഹത്തിലെ ദുർബല വിഭാഗത്തിലെ സ്ത്രീകളുടെയിടയിലെ പ്രസവം ആശുപത്രികളിൽ വച്ചു തന്നെ ഉറപ്പാക്കാൻ വേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ് ജനനീ സുരക്ഷാ യോജന. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായാണ് ഈ പരിപാടി നടപ്പിൽ വന്നു തുടങ്ങിയത്.

പത്തൊൻപത് വയസ്സിന് മുകളിൽ പ്രായമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യത്തെ രണ്ടു സജീവ പ്രസവങ്ങൾക്ക് താഴെപ്പറയുംപ്രകാരം സാമ്പത്തിക സഹായം നൽകി വരുന്നു.

- ഗ്രാമീണ മേഖലയിലുള്ള സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 700 രൂപ
- നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 600 രൂപ
- വീട്ടിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപ
- അംഗീകൃത സ്വകാര്യ ആശുപത്രിയിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ധനസഹായം ലഭിക്കുന്നതാണ്.

(ബി) ജനനീ സുരക്ഷാ പദ്ധതിക്കായി 2009-10 സാമ്പത്തിക വർഷത്തിൽ 11.61 കോടി രൂപ 1,34,974 പേർക്കായി ചെലവഴിച്ചു. 2010-11-ൽ 2.47 കോടി രൂപ 22,697 പേർക്കായി ചെലവഴിച്ചു.

(സി) വയനാട് ജില്ലയിൽ 2009-10-ൽ 0.59 ലക്ഷം രൂപ 19,086 പേർക്കായി ചെലവഴിച്ചു. 2010-11-ൽ 0.14 ലക്ഷം രൂപ 1981 പേർക്കായി ചെലവഴിച്ചു.

സാമൂഹ്യ സുരക്ഷാ മിഷൻ

71 (6229) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹീം കുഞ്ഞ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ സുരക്ഷാ മിഷനാവശ്യമായ ഫണ്ട് എവിടെനിന്നെല്ലാമാണ് ലഭിക്കുന്നത് ; എന്തു തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തുകയുടെ വിനിയോഗത്തിന് മാർഗരേഖ നിശ്ചയിച്ചിട്ടുണ്ടോ ; .എങ്കിൽ വിശദമാക്കുമോ ;

(സി) ഈ ചുമതലകൾ നിർവ്വഹിക്കാൻ ഏതൊക്കെ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട് ; തസ്തികയും നിയമന വ്യവസ്ഥയും ശമ്പളവും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly